ലേഖനം

◆

ഡോ. ഖാലിദ് അഹ്മദ്

# അബ്സീനിയാ പലായനത്തിന്റെ രാഷ്ട്രീയ പാഠങ്ങൾ

**മുസ്ലിമിനെ** സമൂഹത്തിലെ ഉത്തമ പൗരനാക്കാൻ സജ്ജമാക്കുന്ന പ്രക്രിയയാണ് ഇസ്ലാമിലെ രാഷ്ട്രീയ ശിക്ഷണം. ഈ ഉത്തമ പൗരൻ തന്റെ ബാധ്യതകൾ മനസ്സിലാക്കി അവ സ്വമേധയാ നിർവഹിക്കുകയും നിയമാനുസൃത മാർഗങ്ങളിലൂടെ അവകാശങ്ങൾ നേടിയെടുക്കുകയും ചെയ്യും. ഇസ്ലാമിക ശിക്ഷണത്തിന്റെ അടിസ്ഥാനാംശമാണ് രാഷ്ട്രീയ ശിക്ഷണം. ആത്മീയവും ബൗദ്ധികവും ശാരീരികവും വൈകാരികവും സാമൂഹികവും സൈനികവും സാമ്പത്തികവുമായ ശിക്ഷണങ്ങൾ ഇസ്ലാമിക ശിക്ഷണത്തിൽ ഉൾപ്പെടുന്നു. സാമൂഹിക ശിക്ഷണത്തിൽപെട്ടതാണ് രാഷ്ട്രീയ ശിക്ഷണം. മുസ്ലിം സമൂഹത്തിന്റെ നിർമിതിക്ക് രാഷ്ട്രീയ ശിക്ഷണം കൂടി അനിവാര്യമാണ്.

പ്രവാചക ചരിത്രത്തിൽ രാഷ്ട്രീയ ശിക്ഷണത്തിന്റെ ഉദാഹരണങ്ങൾ ധാരാളം കാണാം. ദൈവിക ഗ്രന്ഥത്തിന്റെ പ്രയോഗവത്കരണമാണ് പ്രവാചക ജീവിതം. പ്രവാചകചരിത്രത്തിൽനിന്ന് ഇസ്ലാമിന്റെ സാമൂഹിക വശം നന്നായി മനസ്സിലാക്കാൻ സാധിക്കും. പ്രവാചക ചരിത്രത്തിലെ രാഷ്ട്രീയ ശിക്ഷണങ്ങളിലൊന്നാണ് ഹിജ്റ. ദാറുൽ ഹർബിൽനിന്ന് ദാറുൽ ഇസ്ലാമിലേക്ക് പുറപ്പെടൽ എന്നാണ് ശരീഅത്തിൽ ഹിജ്റയുടെ സംക്ഷിപ്ത നിർവചനം. ഇബ്നുൽ അറബി *അഹ്കാമുൽ ഖുർആനി*ലും ഇബ്നു ഖുദാമ *മുഗ്നി*യിലും ഈ നിർവചനം വിശദീകരിക്കുന്നുണ്ട്. ശിർക്കിന്റെയും ദൈവധിക്കാരത്തിന്റെയും പ്രദേശങ്ങളിൽനിന്ന് ഇസ്ലാമിന്റെയും അനുസരണത്തിന്റെയും നാട്ടിലേക്ക് മാറിത്താമസിക്കുക എന്നാണ് ശൈഖ് സഅ്ദുബ്നു അതീഖ് *അദ്ദുററുസ്സുന്നിയ്യ*യിൽ ഹിജ്റയെ നിർവചിക്കുന്നത്.

അബ്സീനിയ(എത്യോപ്യ)യിലേക്ക് മുസ്ലിംകൾ പലായനം ചെയ്തത് അവിടെ ഇസ്ലാമിക സന്ദേശം പ്രചരിപ്പിക്കാനോ ഇസ്ലാമിക ഭരണം സ്ഥാപിക്കാനോ ആയിരുന്നില്ല. മുസ്ലിംകളുടെ സുരക്ഷയും പീഡനമേൽക്കാതെ ഇബാദത്ത് നിർവഹിക്കാൻ അനുകൂലമായ സാഹചര്യവുമായിരുന്നു ഈ പലായനത്തിന്റെ ലക്ഷ്യം.

പ്രഫ. മഹ്മൂദ് ശാകിർ പറയുന്നു: "മുസ്ലിംകളുടെ അധ്വാനപരിശ്രമങ്ങൾ ഒരു പ്രദേശത്ത് കേന്ദ്രീകരിച്ച് അവയിൽനിന്ന് പ്രയോജനം ലഭിക്കേണ്ടത് അനിവാര്യമായിരുന്നു. ഓരോരുത്തരും പലയിടങ്ങളിലായി ചിന്നിച്ചിതറി ഖുറൈശികളുടെ പീഡനത്തിൽനിന്ന് രക്ഷപ്പെടാനുള്ള അഭയസ്ഥാനം കണ്ടെത്താൻ ശ്രമിക്കാൻ നബി(സ) അവരെ അനുവദിച്ചില്ല. ഒരു നാട്ടിലേക്ക് പലായനം ചെയ്ത് അവിടെ കൂട്ടായി ജീവിക്കാനാണ് അനുവാദം നൽകിയത്. മക്കയിൽ വെച്ച് ദൈവദൂതനിൽനിന്ന് അവർ ഉൾക്കൊണ്ട ഇസ്ലാമിന്റെ ആശയതലം എന്താണെന്ന് ഇത് സൂചിപ്പിക്കുന്നുണ്ട്. ഇസ്ലാമിക തത്ത്വങ്ങൾ മുറുകെപ്പിടിച്ചും അവയെ പ്രയോഗവത്കരിച്ചും പരസ്പര സഹകരണത്തോടെ അവർ പ്രവാസജീവിതം നയിക്കുകയായിരുന്നു. ഉസ്മാനുബ്നു മള്ഊൻ ആയിരുന്നു അവരുടെ നേതാവ്. (ഒരു വീക്ഷണപ്രകാരം ഉസ്മാനുബനു അഫ്ഫാൻ) നേതാവില്ലാതെ ഒരു യാത്രാസംഘം പുറപ്പെടാവതല്ലല്ലോ. ജഅ്ഫറുബ്നു അബീത്വാലിബ് അബ്സീനിയയിൽ പലായനം ചെയ്തെത്തിയ ശേഷം അദ്ദേഹം ആ മുഹാജിറുകളുടെ നേതാവായി."

ശൈഖ് സഈദ് ഹവാ പറയുന്നു: "പ്രബോധനത്തിന്റെയും സ്ത്രീകളും പുരുഷന്മാരുമടങ്ങിയ പ്രബോധകരുടെയും സുരക്ഷയെ കുറിച്ച് മാത്രം ചിന്തിക്കുന്നത് ദൗർബല്യത്തിന്റെ ലക്ഷണമാണെന്ന് കരുതുന്നവരുണ്ട്. സുരക്ഷയെ കുറിച്ച് അന്വേഷിക്കൽ കുറ്റകരമാണെന്നാണ് അവരുടെ ധാരണ. എന്നാൽ പ്രവാചകന്റെ ഈ അനുയായികൾ സുരക്ഷയും സംരക്ഷണവും തേടിയാണ് അബ്സീനിയയിലേക്ക് പലായനം ചെയ്തത്. അവിശ്വാസികളുടെ നാട്ടിലേക്കാണ് ഈ സ്വഹാബിമാർ ഹിജ്റ പോയത്. അവിടെ നീതിയും സ്വാതന്ത്ര്യവുമുണ്ടായിരുന്നു. ഇസ്ലാമിന്റെ ചിഹ്നങ്ങൾ അവിടെ നിലനിർത്താനും സാധിക്കുമായിരുന്നു. കർമരംഗത്തും പ്രാസ്ഥാനികരംഗത്തും ഇത് വിശാലമായ ചക്രവാളങ്ങൾ തുറന്നുതരുന്നുണ്ട്. ശാഫിഈ കർമശാസ്ത്ര പണ്ഡിതന്മാർ ഇപ്രകാരം പറഞ്ഞിട്ടുണ്ട്: ഒരു മുസ്ലിമിന് ദാറുൽ കുഫ്റിൽ ഇസ്ലാമിക ചിഹ്നങ്ങൾ പ്രകടമാക്കാൻ സാധിക്കുമെങ്കിൽ അദ്ദേഹം അവിടെത്തന്നെ തങ്ങുകയാണ് ഏറ്റവും

ഉത്തമം. കാരണം അതിലൂടെ അദ്ദേഹത്തിന്റെ ഭവനം അവിശ്വാസത്തിന്റെ നാട്ടിലെ ദാറുൽ ഇസ്‌ലാമായി മാറുകയാണ്. അബ്സീനിയയിൽ പലായനം ചെയ്തെത്തിയവരുടെ മേൽ യാതൊരു പ്രബോധന ദൗത്യവും ചുമത്തിയിരുന്നില്ല എന്നൊരു വീക്ഷണമുണ്ട്. മുഹാജിറുകളായ മുസ്‌ലിംകൾ പാലിക്കേണ്ട മര്യാദകളെക്കുറിച്ച് ഇത് വിശദമായി പഠിപ്പിക്കുന്നുണ്ട്. ആതിഥേയ രാജ്യത്തിന്റെ നിയമങ്ങൾ പാലിക്കാനും അതിന്റെ ആഭ്യന്തര കാര്യങ്ങളിൽ അനുവദിക്കുന്ന തിനപ്പുറം ഇടപെടാതിരിക്കാനും അവർ ശ്രദ്ധിക്കേണ്ടതുണ്ട്."

അബ്സീനിയൻ ഹിജ്റയുടെ മറ്റു ചില പാഠങ്ങളെക്കുറിച്ച് ശൈഖ് മുനീർ ഗദ്ബാൻ പറയുന്നു: "ഖുറൈശികളുടെ ധിക്കാരം എത്ര പരിധിവിട്ടാലും ഭൂമിയിൽനിന്ന് ഇസ്‌ലാമിന്റെ സാന്നിധ്യം തുടച്ചുനീക്കാൻ കഴിയാതിരിക്കുമാറ് ഉറച്ച ഒരു കേന്ദ്രവും പ്രബോധനത്തിന് മക്കയല്ലാത്ത മറ്റൊരു സുരക്ഷിതസ്ഥാനവും കണ്ടെത്താനുള്ള അന്വേഷണം. ഇസ്‌ലാമികപ്രസ്ഥാനം അതിന്റെ ആസൂത്രണത്തിൽ കാര്യമായി ശ്രദ്ധിക്കേണ്ട വശമായിരുന്നു ഇത്. മാനവികവും ഭൗതികവുമായ ശേഷികൾ മുഴുവൻ ഒരിടത്ത് മാത്രം കേന്ദ്രീകരിച്ച് ഉന്മൂലനത്തിന് വിധേയമാകുന്നതിനുപകരം വിവിധ പ്രദേശങ്ങൾ കണ്ടെത്തണം. ഒരിടം നഷ്ടപ്പെട്ടാൽ മറ്റൊന്നിലേക്ക് നീങ്ങാനും ജാഹിലിയ്യത്തിനെ അവിടെ വെച്ച് നേരിടാനും ശ്രമിക്കണം."

സയ്യിദ് ഖുത്വ്ബ് *ഫീ ളിലാലിൽ ഖുർആനിൽ* എഴുതുന്നു: "പ്രവാചകാനുയായികൾ സ്വരക്ഷക്കു വേണ്ടി മാത്രമാണ് പലായനം ചെയ്തതെന്നതിന് പിൻബലം നൽകുന്ന ശക്തമായ തെളിവുകളില്ല. അങ്ങനെയെങ്കിൽ മുസ്‌ലിംകളിലെ ശക്തിയും സ്വാധീനവും കുറഞ്ഞവരായിരുന്നു പലായനം ചെയ്യേണ്ടിയിരുന്നത്. എന്നാൽ സംഭവം ഇതിനു നേർവിപരീതമായിരുന്നു. പീഢനവും മർദനവും പ്രയാസങ്ങളും ഏറ്റവും കൂടുതൽ നേരിട്ട ദുർബലർ പലായനം ചെയ്തില്ല. പ്രമുഖ ഗോത്രങ്ങളിൽ പെട്ടവരാണ് പലായനം ചെയ്തത്. ഗോത്രഘടനയിൽ അവരുടെ കുടുംബങ്ങൾക്ക് അവരെ പീഢനങ്ങളിൽനിന്നും ഉപദ്രവങ്ങളിൽനിന്നും സംരക്ഷിക്കാൻ സാധിക്കുമായിരുന്നു. മുഹാജിറുകളിൽ ഭൂരിഭാഗവും ഖുറൈശികളായിരുന്നു. ജഅ്ഫറുബ്നു അബീത്വാലിബായിരുന്നു അവരിലൊരാൾ. അദ്ദേഹത്തിന്റെ പിതാവും ഹാശിം സന്താനപരമ്പരയിൽ പെട്ട രണ്ട് ചെറുപ്പക്കാരുമായിരുന്നു നബി(സ)യെ സംരക്ഷിച്ചിരുന്നത്. സുബൈറുബ്നുൽ അവ്വാം, അബ്ദുർറഹ്മാനുബ്നു ഔഫ്, അബൂ സലമ അൽ മഖ്സൂമി, ഉസ്മാനുബ്നു അഫ്ഫാൻ എന്നിവരും അവരുടെ കൂട്ടത്തിലുണ്ടായിരുന്നു. അപ്രകാരം മക്കയിലെ കുലീന കുടുംബങ്ങളിൽപെട്ട ചില സ്ത്രീകളും പലായനം ചെയ്തു. അവർക്ക് ഒരിക്കലും ഉപദ്രവം നേരിടേണ്ടിവരുമായിരുന്നില്ല. ഖുറൈശികളിൽപെട്ട പ്രമുഖ കുടുംബങ്ങളിൽ പ്രകമ്പനം സൃഷ്ടിക്കുക പോലുള്ള മറ്റു കാരണങ്ങൾ ഒരുപക്ഷേ ഈ ഹിജ്റക്കു പിന്നിലുണ്ടായിരിക്കാം. ആ കുടുംബങ്ങളിലെ ആദരണീയരായ അംഗങ്ങൾ എല്ലാ കുടുംബ കെട്ടുപാടുകളും ഉപേക്ഷിച്ച് ജാഹിലിയ്യത്തിൽനിന്ന് രക്ഷപ്പെട്ട് തങ്ങളുടെ ആദർശവുമായി പലായനം ചെയ്യുകയായിരുന്നുവല്ലോ. ഗോത്രവ്യവസ്ഥയിൽ ഈ പലായനം കനത്ത പ്രകമ്പനം സൃഷ്ടിക്കാൻ പോന്നതായിരുന്നു. പുതിയ ആദർശത്തോടും അതിന്റെ പ്രബോധകനോടും യുദ്ധം പ്രഖ്യാപിച്ച് രംഗത്തിറങ്ങിയ ജാഹിലിയ്യത്തിന്റെ അന്നത്തെ നേതാവ് അബൂസുഫ്യാന്റെ മകൾ ഉമ്മു ഹബീബ പോലുള്ളവർ അവരുടെ കൂട്ടത്തിലുണ്ടായിരിക്കെ വിശേഷിച്ചും."

ശൈഖ് ഗദ്ബാൻ പറയുന്നതു കാണുക: ''യസ്രിബിലേക്കുള്ള ഹിജ്റക്കും ബദ്റിനും ഉഹുദിനും ഖന്ദഖിനും മുസ്‌ലിംകൾ മക്കക്കാരുമായി ചേർന്നുണ്ടാക്കിയ ഹുദൈബിയാ സന്ധിക്കും ശേഷമല്ലാതെ റസൂൽ(സ) അബ്സീനിയയിലെ മുഹാജിറുകളോട് തിരിച്ചുവരാനാവശ്യപ്പെട്ട് ആളെ അയച്ചതായി നമുക്കറിയില്ല. അഞ്ചു വർഷം യസ്രിബ് ഖുറൈശികളുടെ ശക്തമായ ആക്രമണത്തിനും എതിർപ്പിനും വിധേയമായി. ഈ ആക്രമണത്തിന്റെ ഏറ്റവും ഒടുവിലെത്തേതായിരുന്നു ഖന്ദഖ്. മദീന മുസ്‌ലിംകളുടെ സുരക്ഷിതകേന്ദ്രമാവുകയും മുശ്‌രിക്കുകളുടെ ആക്രമണ ഭീഷണി അവസാനിക്കുകയും ചെയ്തതായി ബോധ്യപ്പെട്ടതിനെ തുടർന്ന് പ്രവാചകന് സമാധാനമായപ്പോഴാണ് അബ്സീനിയയിലെ മുഹാജിറുകളെ വിളിക്കാൻ ആളെ അയച്ചത്. യസ്രിബ് ശത്രുക്കളുടെ കൈയിലകപ്പെടുകയാണെങ്കിൽ റസൂലിനും അനുയായികൾക്കും അഭയം പ്രാപിക്കാനുള്ള ആ സുരക്ഷിത താവളത്തിന്റെ ആവശ്യം അപ്പോഴേക്കും ഇല്ലാതായിരുന്നു. അബ്സീനിയൻ മുഹാജിറുകൾ മദീനയിലെത്തിയപ്പോൾ പ്രവാചകൻ ഖൈബറിലായിരുന്നു. അവരും അങ്ങോട്ടു പുറപ്പെട്ടു. ഖൈബർ വിജയ ശേഷം അവിടെ വെച്ച് അവർ പ്രവാചകനെ കണ്ടുമുട്ടി. 'ഖൈബർ വിജയമോ ജഅ്ഫറിന്റെ വരവോ ഏതാണ് ഏറ്റവും കൂടുതൽ ആഹ്ലാദകരമെന്ന് എനിക്കറിയില്ല' എന്നായിരുന്നു പ്രവാചകന്റെ പ്രതികരണം."

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവാസികളായി കഴിയുന്ന ഇസ്‌ലാമിക പ്രസ്ഥാന പ്രവർത്തകർ ഈ സംഭവങ്ങളെക്കുറിച്ച് സൂക്ഷ്മമായി പഠിക്കുകയും അവയിൽനിന്ന് രാഷ്ട്രീയ ശിക്ഷണം നേടിയെടുക്കുകയും ചെയ്യേണ്ടതുണ്ട്.

(സിറിയൻ വംശജനായ
പ്രവാസി എഴുത്തുകാരനാണ് ലേഖകൻ)